www.malankaralibrary.com

# ഇന്ത്യയും ലോക സമാധാനവും

**ഡോ.കെ.എം.ഫ്രാൻസിസ്**

രണ്ട് ലോകമഹായുദ്ധങ്ങളുടെ കെടുതികൾ അനുഭവിക്കുന്ന ലോകം, മൂന്നാമതൊരു മഹായുദ്ധത്തെ ഭീതിയോടെയാണ് കാണുന്നത്. അതുകൊണ്ടുതന്നെ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം മൂന്നാമതൊരു മഹായുദ്ധം ഒഴിവാക്കാൻ ലോകജനത ആഗ്രഹിച്ചിരുന്നു. ഇത്തരം ഒരു ആഗ്രഹത്തിൽ നിന്ന്, വ്യത്യസ്തരാജ്യങ്ങൾ തമ്മിൽ തർക്കങ്ങളുണ്ടാകുമ്പോൾഅവ മുളയിലേ നുള്ളികളയാൻ രൂപം കൊണ്ട സംവിധാനമാണ് ഐക്യരാഷ്ട്രസഭ (United Nations) എന്ന സംവിധാനം. ഈ സംവിധാനത്തിലൂടെ അനേകം രാജ്യങ്ങളിലെ ആഭ്യന്തര തർക്കങ്ങളും അതിർത്തി തർക്കങ്ങളും പരിഹരിച്ചിട്ടുണ്ട്. രാജ്യാന്തര തലത്തിൽ ഇത്തരം തർക്കങ്ങളുണ്ടാകുമ്പോൾ വ്യത്യസ്ഥ രാഷ്ട്രങ്ങൾ രണ്ട് ചേരികളിലായി വേർത്തിരിഞ്ഞ് സംഖ്യം രൂപംകൊണ്ട് പരസ്പരം യുദ്ധം ചെയ്യുമ്പോഴാണ് ലോകമഹായുദ്ധങ്ങൾ ഉണ്ടാകുന്നത്. രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിൽ ഇത്തരം വിരുദ്ധ ചേരികൾ രൂപം കൊണ്ട് ലോകമഹായുദ്ധത്തിന്റെ സാധ്യതകൾ രൂപം കൊണ്ടപ്പോൾ ഇന്ത്യൻ ഭരണകൂടത്തിന്റെ ചില നിർണ്ണായ ഇടപ്പെടലുകളാണ് യുദ്ധം ഒഴിവാക്കിയും ഇന്ത്യയുടെ യശസ്സ് അന്താരാഷ്ട്രതലത്തിൽ ഉയർത്തിയതും. ഇന്ത്യയിലെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച ചേരിചേരാപ്രസ്ഥാനമായിരുന്നു (Non-alignment Movement) പല യുദ്ധങ്ങളിലും സമാധാന ദൂതരായി പ്രവർത്തിച്ചത്.

## ചരിത്രം മറക്കരുത്

നാം കടന്നുവന്ന വഴികൾ മറക്കുന്നവരും കടന്നുവന്ന വഴികൾ മാത്രം ഓർത്തിരിക്കുന്നവരും അപകടത്തിൽ വീണുപോകും. ഉദാഹരണത്തിന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച സമയത്ത് അഖണ്ഡഭാരതമെന്ന സ്വപ്നത്തിന് തുരങ്കം വെച്ച വ്യക്തിയായിരുന്നു സർ. സി.പി. രാമസ്വാമി അയ്യർ. അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു സ്വതന്ത്ര തിരുവിതാംകൂർ. ഈ സ്വപ്നത്തെ തകർത്തതിന്റെ ഒരു ശക്തി തിരുവിതാംകൂറിലെ ക്രൈസ്തവ സമൂഹമായിരുന്നു. തിരുവിതാംകൂറിലെ ക്രൈസ്തവർ അഖണ്ഡഭാരതമെന്ന മുദ്രാവാക്യവുമായി സർ സി.പി..യെ എതിർത്തു. അക്കാലത്ത് സർ സി.പി.യുടെ ആഗ്രഹത്തെ പൻതുടരുന്നവരുടെ മക്കൾ ഇപ്പോൾ അഖണ്ഡഭാരതം നമ്മുടെ ലക്ഷ്യം, ഭാരത് മാതാകി ജയ് എന്ന് വിളിച്ച് ക്രൈസ്തവരെ ദേശദ്രോഹികളായി മുദ്രകുത്തുന്നു. ഈ ചരിത്രം അറിയാത്തവർ ക്രൈസ്തവ സമൂഹത്തിന്റെ അഖണ്ഡഭാരത സ്വപ്നത്തെ സംശയിക്കുകയും അഖണ്ഡഭാരത സ്വപ്നത്തെ തകർക്കാൻ ശ്രമിച്ച യഥാർത്ഥ പ്രതികളെ വിശുദ്ധരാക്കുകയും ചെയ്യും. സമീപഭാവിയിൽ സി.പി. അഖണ്ഡഭാരത ശില്പിയായി മാറും.

കേരളത്തിലെ ചരിത്രം മറക്കുന്നതുപോലെ തന്നെ രണ്ടാം ലോകമഹായുദ്ധാനന്തര ലോകചരിത്രം മറന്നാൽ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രു ഒന്നിനും കൊള്ളാത്ത ഭീരുവാണെന്ന് വിധിക്കപ്പെടും. ഭീരുക്കൾ സത്യം മറച്ചുവെച്ച് കവലച്ചട്ടമ്പികളുമായി സഖ്യമുണ്ടാക്കും. രണ്ടാം ലോകമഹായുദ്ധാനന്തരമുണ്ടായിരുന്ന രണ്ട് കവലച്ചട്ടമ്പിമാരായിരുന്നു അമേരിക്കയും യു. എസ്.എസ്. ആറും (U.S.S.R). അമേരിക്ക മുതലാളിത്ത ചേരിയും യു.എസ്.എസ്.ആർ സോഷ്യലിസ്റ്റ് ചേരിയും. ഇവർ ലോകത്തിലെ രണ്ട് വിരു

www.malankaralibrary.com

ദ്ധഗ്രൂപ്പുകളായി നിലനിന്ന് വെല്ലുവിളികളും അതിക്രമങ്ങളും നടത്തിയിരുന്നു. എന്നും ലോക ജനതയുടെ മനസ്സിൽ ആസന്നമായ യുദ്ധഭീതി നിലനിന്നിരുന്നു. എന്നുവേണമെങ്കിലും പൊട്ടിപ്പുറപ്പെടാവുന്ന ആസന്നമായ യുദ്ധത്തെക്കുറിച്ചുള്ള ഭീതി. ഈ ഭയത്തിന് ലോകം നൽകിയ പേരാണ് Cold war.

## കൊറിയൻ പ്രശ്നവും നെഹ്റുവിന്റെ ഇടപെടലും

ചേരിതിരിഞ്ഞുള്ള വെല്ലുവിളികൾ ചിലപ്പോൾ യുദ്ധങ്ങളായി പരിണമിക്കും. ഇത്തരത്തിൽ ലോകസമാധാനത്തിന് തന്നെ വെല്ലുവിളിയായി മാറിയത് നോർത്ത് കൊറിയയും സൗത്ത് കൊറിയയും തമ്മിലുള്ള യുദ്ധമാണ്. നോർത്ത് കൊറിയ ചൈനയുടെ നിയന്ത്രണത്തിലും സൗത്ത് കൊറിയ അമേരിക്കയുടെ നിയന്ത്രണത്തിലുമായിരുന്നു. ഈ രണ്ടു രാജ്യങ്ങളും തമ്മിലുള്ള അതിർത്തിതർക്ക പരിഹാര കമ്മീഷൻ ചെയർമാൻ ഇന്ത്യയുടെ യു.എൻ. പ്രതിനിധിയായ കെ.പി.എസ്. മേനോനായിരുന്നു. 1950 ൽ നോർത്ത് കൊറിയ സൗത്ത് കൊറിയയുടെ സ്ഥലങ്ങൾ കയ്യേറിയപ്പോൾ ഇന്ത്യ ഐക്യരാഷ്ട്രസഭയിൽ നോർത്ത് കൊറിയയെ എതിർത്തു; അപ്പോൾ അമേരിക്കയ്ക്ക് സന്തോഷമായി. സോവിയറ്റ് ചേരിക്ക് ഇന്ത്യയോട് ദേഷ്യമായി. എന്നാൽ അമേരിക്ക ഇതിന് പ്രതികാരമായി നോർത്ത് കൊറിയ കീഴടക്കി. ഈ സന്ദർഭത്തിൽ അമേരിക്ക ചെയ്തത് തെറ്റാണെന്ന് ഇന്ത്യ പ്രസ്താവിച്ചു. ഇക്കാരണത്താൽ സോവിയറ്റ് ചേരി ഇന്ത്യയ്ക്കനുകൂലമായി, അമേരിക്കൻ ചേരി ഇന്ത്യക്കെതിരായി. അമേരിക്ക ഇന്ത്യയ്ക്കെതിരായതുകൊണ്ടുമാത്രമാണ് ഇന്ത്യയുടെ ഭാഗമായിരുന്ന കാശ്മീരിന്റെ ഒരു ഭാഗം പാക്കിസ്ഥാനിന്റെ അധീനതയിൽ എത്തിച്ചേർന്നത്. പാക്കിസ്ഥാന്റെ അധീനതയിലുള്ള ഇന്ത്യയുടെ പ്രദേശങ്ങളെ വിളിക്കുന്ന പേരാണ് പാക്ക് അധനിവേശ കാശ്മീർ. കൊറിയൻ പ്രശ്നത്തിൽ ഇന്ത്യയുടെ നിലപാട് ചേരിക്കൊപ്പമായിരുന്നില്ല. സത്യത്തിന്റെ കൂടെയായിരുന്നു. തർക്കം തീർക്കാൻ ഐക്യരാഷ്ട്രസഭയുടെ മധ്യസ്ഥതയിൽ ഒരു അതിർത്തിയിട്ട് രൂപം കൊടുത്താൽ ആ അതിർത്തി പാലിക്കാൻ രണ്ടു കക്ഷികൾക്കും ബാധ്യതയുണ്ട്. സമാധാനകാംക്ഷികൾ എന്നും സത്യത്തിനുവേണ്ടി നിലകൊള്ളും. കൊറിയൻ പ്രശ്നത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവും ഇന്ത്യൻ ജനതയും സ്വീകരിച്ച നിലപാടിന്റെ വളർച്ചയാണ് ചേരിചേരാ പ്രസ്ഥാനം.

## സൂയസ്സ് കനാൽ പ്രശ്നം

ലോകചരിത്രത്തിൽ കഴിഞ്ഞുപോയ അയ്യായിരം വർഷത്തെ ചരിത്രത്തിൽ ഒരിക്കൽ പോലും യുദ്ധം ഒഴിവാകാത്ത സ്ഥാലമാണ് സൂയസ്സ കനാൽ. മെഡിറ്ററേനിയൻ സമുദ്രവും ഇന്ത്യൻ സമുദ്രവും തമ്മിൽ യോജിക്കുന്ന പ്രദേശമാണ് സൂയസ്സ് കനാൽ. അതുകൊണ്ട് ഈജിപ്തും ഇസ്രായേലും അധീനപ്പെടുത്തേണ്ടത് ഗ്രീക്ക്, റോമൻ സംസ്ക്കാരങ്ങളുടെ നിലനിൽപ്പിന്റെ പ്രശ്നമായിരുന്നു. അറേബിയൻ കടലിലേക്ക് പ്രവേശിക്കണമെങ്കിൽ പാശ്ചാത്യർക്ക് ഒരു തുറമുഖം ആവശ്യമുണ്ട്. ഇതിനെ തടയുക എന്നതാണ് അറബികളുടെ ആവശ്യം. സൂയസ്സ് കനാൽ അടഞ്ഞാൽ പാശ്ചാത്യ രാജ്യങ്ങൾക്ക് ഇന്ത്യയിലേക്ക് പ്രവേശിക്കാൻ 7000 കിലോമീറ്റർ അധികം സഞ്ചരിക്കണം. അതുകൊണ്ട് ഈ സഞ്ചാരപാത തടയുക എന്നതാണ് ഇറാൻ, ഇറാഖ് മുതലായ രാജ്യങ്ങളുടെ ആവശ്യം. സ്വതന്ത്രമായ വ്യാപാരത്തിനാവശ്യമായ അന്താരാഷ്ട്ര സഞ്ചാരപാതയാണ് പാശ്ചാത്യരാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയുടെ ഒരു കാരണം. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അമേരിക്കൻ സംഖ്യ

www.malankaralibrary.com

കക്ഷികൾ ഇസ്രായേൽ പനഃസ്ഥാപിച്ചതിന്റെ പുറകിലുള്ളത് യഹൂദമതത്തോടുള്ള പ്രണയമല്ല, സഞ്ചാരപാതയുടെ സംരക്ഷണമാണ്. അതുകൊണ്ട് അറബിക്കടലിലേക്കുള്ള ഒരു തുറമുഖത്തിനുള്ള സ്ഥലം, അതായിരുന്നു ഇസ്രായേൽ ഈജിപ്ത് യുദ്ധം കൊണ്ട് ഇസ്രായേൽ എന്ന രാജ്യത്തെ മുന്നിൽ നിർത്തി അമേരിക്ക നേടിയെടുത്തത്. പാലസ്തീൻ ഒരു സ്വതന്ത്രരാഷ്ട്രമായി പ്രഖ്യാപിക്കണമെന്ന് ആഗ്രഹിക്കുന്നത് ഇറാനാണ്. പാലസ്തീൻ പ്രദേശം സ്വതന്ത്രമായാൽ ഇറാന് മെഡിറ്ററേനിയൻ കടലിൽ ഒരു തുറമുഖം തുറന്നുകിട്ടും.

1869ലാണ് സൂയസ്സ് കനാലിന്റെ നിർമ്മാണം പൂർത്തിയായത്. 1888 ലെ കോൺസ്റ്റാന്റിനോപ്പിൾ കരാർ പ്രകാരം സൂയസ്സ് കനാൽ ഈജിപ്തിന്റെ ഭാഗമായിരുന്നു. ഈ കനാലിലൂടെ പടിഞ്ഞാറൻ രാജ്യങ്ങൾ അറബിക്കടലിലേക്ക് പ്രവേശിച്ചിരുന്നു. എന്നാൽ 1956 ൽ ഈജിപ്ത് സൂയസ്സ് കനാൽ ദേശസാൽക്കരിച്ചു. ഉടനടി ബ്രിട്ടനും ഫ്രാൻസും ഈജിപ്തുമായി യുദ്ധം പ്രഖ്യാപിച്ചു. ഈ യുദ്ധം അവസാനിപ്പിച്ചത് സൂയസ്സ് കനാലിന്റെ ഉടമസ്ഥാവകാശവും വിനിയോഗവും എങ്ങിനെ വേണമെന്ന കരാറിലാണ്. പ്രസ്തുത കരാർ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ജനതയുടെ സംഭാവനയാണ്. ഈ കരാർ പ്രകാരം സൂയസ്സ് കനാലിന്റെ ഉടമസ്ഥത ഈജിപ്തിനാണ്. എങ്കിലും കനാലിന്റെ നടത്തിപ്പിൽ പശ്ചാത്യരാജ്യങ്ങൾക്ക് പങ്കാളിത്തമുണ്ട്. മാത്രമല്ല, തർക്കമുണ്ടായാൽ ഐക്യരാഷ്ട്രസഭയ്ക്ക് ഇടപെടുകയും ചെയ്യാം. ഈ കരാർ നിർമ്മിക്കുന്ന കാലഘട്ടത്തിൽ സമാധാനസേനയായി പ്രവർത്തിച്ചത് ഇന്ത്യൻ പട്ടാളക്കാരായിരുന്നു. ഏതെങ്കിലും കാരണവശാൽ സൂയസ്സ് കനാലിലുള്ള യാത്ര തടസ്സമായാൽ പാശ്ചാത്യരാജ്യങ്ങൾക്ക് ഇന്ത്യൻ മഹാ സമുദ്രത്തിലേക്ക് പ്രവേശിക്കാനുള്ള തുറമുഖമാണ് ഐലാത് (Eilat). ഗാസ മുതൽ ലെബനൻ വരെയുള്ള കടൽത്തീരം പാശ്ചാത്യർക്ക് ഇന്ത്യൻ സമുദ്രത്തിലേക്കുള്ള വഴിയാണ്. ഈ വഴി നഷ്ടപ്പെട്ടാൽ മൂന്നാംലോകമഹായുദ്ധം തീർച്ചയായും സംഭവിക്കും. സമുദ്രപാതകൾ തടയാനുള്ള ഇറാന്റെ നീക്കം അപകടകരമാണ്.

കാശ്മീർ പ്രശ്നവും അന്താരാഷ്ട്ര വ്യാപാരവും

കാശ്മീരിൽ സമാധാനം പുനഃസ്ഥാപിക്കുമോയെന്നത്, ഇന്ത്യൻ പാർലിമെന്റിന്റെയും ഇന്ത്യൻ സേനയുടെയും ശക്തിയിൽ മാത്രം ആശ്രയിക്കുന്നതല്ല. ചൈനയിൽ നിന്ന് യൂറോപ്പിലേക്ക് അഫ്ഗാനിസ്ഥാനിലൂടെ ഇറാന്റെ അതിർത്തിയിലൂടെ കരമാർഗ്ഗമുള്ള സഞ്ചാരപാത വീണ്ടും തുറക്കാൻ കഴിയുമോ? ഇക്കാര്യത്തിൽ ചൈനയും അമേരിക്കയും തീരുമാനത്തിലെത്തിയാൽ ഇന്ത്യൻ അതിർത്തികൾ ശാന്തമാകും. ഇല്ലെങ്കിൽ ചൈനയ്ക്ക് പാക്കിസ്ഥാന്റെയും ഇന്ത്യയുടേയും അതിർത്തിയിലൂടെ യൂറോപ്പിലേക്ക് പ്രവേശിക്കാൻ കഴിയില്ല. ഈ പദ്ധതി ഇല്ലാതാക്കേണ്ടത് ഇറാന്റെ ആവശ്യമാണ്. ഈ പദ്ധതികളെ തകർക്കുന്ന ഇറാന്റെ കൂലിപട്ടാളം മാത്രമാണ് ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ. ഈ തീവ്രവാദികൾക്ക് ഇസ്ലാമുമായി യാതൊരു ബന്ധവുമില്ല. ഇറാൻ എന്ന രാജ്യത്തിന്റെ കച്ചവടം മാത്രമാണ് ഇതിന്റെ പുറകിൽ. അമേരിക്ക ഇന്ത്യയെ പിൻതുണച്ചാൽ കാശ്മീർ സമാധാനം പുനഃസ്ഥാപിക്കപ്പെടും. എന്നാൽ ഇക്കാര്യം മനസ്സിലാക്കി ചൈന പാക്കിസ്ഥാനുമായി സഖ്യം ചേർന്നാൽ കാശ്മീർ പുകയും ഇക്കാര്യത്തിൽ ചൈനയും അമേരിക്കയും ഒരേപോലെ ഇന്ത്യയെ പിന്തുണയ്ക്കുക എന്ന നയതന്ത്രവിജയം ഉണ്ടാകട്ടെയെന്ന് പ്രതീക്ഷിക്കാം.

**********